പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *39 — 26.04.2017 ൽ മറുപടിക്ക്

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>,, എസ്.രാജേന്ദ്രൻ<br>,, കെ.ജെ. മാക്സി<br>,, സി.കെ. ഹരീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരങ്ങളും മുഖ്യ കർത്തവ്യങ്ങളും അറിയിക്കാമോ; | (എ) 1950 ലെ ടി.സി എച്ച്.ആർ.ഐ. ആക്ടിലെ 15, 15 എ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള അധികാരങ്ങളും മുഖ്യ കർത്തവ്യങ്ങളുമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനുള്ളത് . |
| (ബി) പൊന്നമ്പലമേട്ടിൽ ക്ഷേത്രം നിർമ്മിക്കുമെന്ന ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവനയും അതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ നേരിട്ട് സമീപിച്ചതും നിയമാനുസൃത അധികാര പ്രയോഗമാണോ; | (ബി) ഇക്കാര്യം 1950 ലെ ടി.സി എച്ച്.ആർ.ഐ. ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമല്ല |
| (സി) കൃത്യമായി മത പാഠശാലകളിൽ പോകുന്ന വർക്ക് മാത്രമേ ക്ഷേത്ര ഭരണസമിതി അംഗത്വം നൽകുകയുള്ളൂ എന്ന ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവന ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ നിലപാടുകൾ പലതും ധിക്കാരപൂർവവും നിയമ വിരുദ്ധവും ആണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ മറ്റ് ദേവസ്വം ബോർഡുകളെപ്പോലെ വിപുലപ്പെടുത്തി ജനാധിപത്യ വൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇത്തരം ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവസ്വം ബോർഡ് ജനാധിപത്യ രീതിയിൽ പ്രവർത്തിക്കണമെന്നാണ് സർക്കാർ താൽപര്യപ്പെടുന്നത്. ഇതിന് ഭംഗം വരുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ